**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1692** | **14/12/2012-ൽ മറുപടിക്ക്**

**അന്താരാഷ്ട്രവ്യാപാരമേളയിലെ കുടുംബശ്രീ ഭക്ഷണശാല**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ. കെ.കെ. നാരായണൻ | | **ഡോ. എം. കെ. മുനീർ**<br>**ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി** |
| (എ) 2012 നവംബറിൽ ദില്ലിയിൽ നടന്ന അന്താരാഷ്ട്രവ്യാപാരമേളയിൽ കേരള ഭക്ഷണശാല നടത്തുന്നതിന് കുടുംബശ്രീയോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) | **ഇല്ല** |
| (ബി) കഴിഞ്ഞ എത്ര വർഷങ്ങളിൽ ദില്ലി അന്താരാഷ്ട്രവ്യാപാരമേളകളിൽ കുടുംബശ്രീഭക്ഷണശാലകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | **2003, 2004, 2006, 2007 എന്നീ 4 വർഷങ്ങളിലെ ഡൽഹി അന്താരാഷ്ട്രാ വ്യാപാരമേളകളിൽ കുടുംബശ്രീ ഭക്ഷണശാലകൾ നടത്തിയിട്ടുണ്ട്.** |
| (സി) ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ? | (സി) | **കുടുംബശ്രീ ക്യാന്റീൻ യൂണിറ്റുകളെയാണ് ഐ.ഐ.റ്റി.എഫിൽ ഭക്ഷ്യമേള സംഘടിപ്പിക്കുന്നതിനായി തെരഞ്ഞെടുത്തിരുന്നത്. മേൽപ്പറഞ്ഞ വർഷങ്ങളിൽ ഭക്ഷ്യസ്റ്റാളുകൾ സംഘടിപ്പിച്ചതിന് 4 മുതൽ 7 ലക്ഷം രൂപ വരെ വിറ്റുവരവ് ലഭിച്ചിരുന്നു. ക്യാന്റീൻ യൂണിറ്റ് അംഗങ്ങൾക്ക് ശരാശരി 15000/- രൂപ വീതം ഐ.ഐ.റ്റി.എഫ്. നടക്കുന്ന 14 ദിവസങ്ങളിൽ വരുമാനം ലഭിച്ചിരുന്നു.** |

**സെക്ഷൻ ഓഫീസർ**